പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *218 | 14.12 .2015 ൽ മറുപടിക്ക് |
|---|---|

## മനോരോഗികളുടെ സംരക്ഷണവും പുനരധിവാസവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സി. കൃഷ്ണൻ**<br>**,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ**<br>**,, പി.ടി.എ. റഹീം**<br>**,, ജെയിംസ് മാത്യൂ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | 2013-14 ബജറ്റിൽ പ്രഖ്യാപിച്ച 'സമഗ്ര മാനസികാരോഗ്യം' പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദീകരി ക്കുമോ; രോഗം മാറിയവരുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; | എ) | രോഗവിമുക്തിയും രോഗശമനവും ലഭിച്ച മനോരോഗികൾക്ക് വേണ്ടിയുള്ള ഡെ-കെയർ സെന്ററുകൾ ഓരോജില്ലയിലും രണ്ടെണ്ണം വീതം സ്ഥാപിക്കുക, സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുക എന്നീ രണ്ടു പദ്ധതികളാണ് ഇതിന്റെ കീഴിൽ നടപ്പിലാക്കി വരുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) | നിലവിലുള്ള മാനസികാരോഗ്യ ആശുപത്രികളിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | ബി) | 27-11-2012 ലെ സ.ഉ (എം.എസ്) നം. 396/2012/ആ.കു.വ, 06-04-2013 ലെ സ.ഉ (എം.എസ്) നം. 130/2013/ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരം 27 മെഡിക്കൽ ഓഫീസർമാരുടെയും 110 സ്റ്റാഫ്നെഴ്സ്മാരുടെയും, 17 നെഴ്സിംഗ് അസിസ്റ്റന്റ്മാരുടെയും, 35 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 മാരുടെയും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട് |
| സി) | സംസ്ഥാനത്തെ സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും നിയന്ത്രിക്കാനുമായി എന്തൊക്കെ സംവിധാനമാണുള്ളത്; ഇവയിൽ പലതും അശാസ്ത്രീയ രീതികൾ പിന്തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു |
| ഡി | സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഉണ്ടോ; ഇല്ലെങ്കിൽ അവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കാമോ; | ഡി) | സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് എല്ലാം ലൈസൻസ് ഇല്ല. ഇത്തരം സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് നൽകുന്നത് കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ്. 222 അപേക്ഷകളാണ് നാളിതുവരെ അതോറിറ്റിയിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 202 സ്ഥാപനങ്ങളിൽ ലൈസൻസ് നൽകുന്ന |

| | | | |
|---|---|---|---|
| | | | തിനോടനുബന്ധിച്ചുള്ള പരിശോധന പൂർത്തീകരിച്ചിട്ടുണ്ട് ഇതിൽ 73 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് ലഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത്.<br>പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എടു ത്തിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധം 3 ആയി ചേർക്കുന്നു. |
| ഇ) | ചികിത്സയും സംരക്ഷണവും ലഭിക്കാതെ അലഞ്ഞ് നടക്കുന്ന മനോരോഗികളുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ? | ഇ) | തെരുവിൽ അലയുന്ന ഇത്തരം മനോരോഗികളിൽ ബഹുഭൂരിപക്ഷവും അടിയന്തിര ചികിത്സ ആവശ്യമുള്ളവരും ഗുരുതരമായ മനോരോഗങ്ങൾക്കും പല തരം ശാരീരിക രോഗങ്ങൾക്കും അടിമപ്പെട്ടവരും ആണ്. മെന്റൽ ഹെൽത്ത് ആക്ടിന്റെ 23, 24 എന്നീ സെക്ഷനുകളിൽ ഇത്തരം ആളുകളുടെ പരിപാലനത്തിനെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. ഇത്തരം രോഗികളെ ആ സ്ഥലത്തിന്റെ ചാർജ്ജുള്ള പോലീസ് ഓഫീസർ കസ്റ്റഡിയിൽ എടുക്കേണ്ടതും ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിന്റെ മുമ്പാകെ 24 മണിക്കൂറിനുള്ളിൽ ഹാജരാക്കേണ്ടതുമാണ്. ഇത്തരത്തിൽ ഹാജരാക്കുന്ന മനോരോഗികളെ, കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള അവരുടെ ശേഷിയെ മജിസ്ട്രേറ്റ് തന്നെ നേരിട്ട് വിലയിരുത്തുകയോ ഒരു മെഡിക്കൽ ഓഫീസറെക്കൊണ്ട് പരിശോധിപ്പിക്കുകയോ ചെയ്യുന്നു. പ്രസ്തുത വ്യക്തി മനോരോഗിയാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയാൽ ആ രോഗിയെ ഒരു മാനസികാരോഗ്യ ചികിത്സാ കേന്ദ്രത്തിൽ അഡ്മിറ്റ് ചെയ്യുന്നതിന് മജിസ്ട്രേറ്റ് ഉത്തരവിടുകയും രോഗിയെ ഈ കേന്ദ്രത്തിൽ ചികിത്സയ്ക്ക് വിധേയനാക്കുകയും ചെയ്യുന്നു. രോഗിയുടെ ഏതെങ്കിലും ബന്ധുക്കളോ സുഹൃത്തുക്കളോ രോഗിക്ക് ശരിയായ ചികിത്സ നൽകിക്കൊള്ളാമെന്നും പരിചരിച്ച്കൊള്ളാമെന്നും രേഖാമൂലം ഉറപ്പുനൽകിയാൽ അവർക്കൊപ്പം രോഗിയെ വിട്ടയക്കുവാനുള്ള അധികാരവും മജിസ്ട്രേറ്റിനുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

രോഗവിമുക്തിയും രോഗശമനവും വന്ന മനോരോഗികളുടെ പുനരധിവാസത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഡെ-കെയർ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും, ജില്ലാ മാനസികാരോഗ്യ പരിപാടിയുടെയും, നാഷണൽ ഹെൽത്ത് മിഷന്റെയും ആഭിമുഖ്യത്തിലാണ് ഈ പരിപാടി നടപ്പിലാക്കിവരുന്നത്. ഇത്തരം 24 സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് രോഗികളെ അവരുടെ വീടുകളിൽ നിന്നും ദിവസവും രാവിലെ വാഹനത്തിൽ ഡെ-കെയർ സെന്ററുകളിൽ എത്തിച്ച് അവർക്ക് തൊഴിൽ പരിശീലനം നൽകുക എന്നതാണ് പ്രധാനമായും ചെയ്ത് വരുന്നത്. അവരുടെ മാനസിക ഉല്ലാസത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇത്ത രം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുമു ണ്ട്സൗജന്യ ഭക്ഷണവും സൗജന്യ മരുന്നു ചികിത്സയും ഇതിന്റെ ഭാഗമാണ്, വൈകുന്നേരം രോഗികളെ അവരവരുടെ വീടുകളിൽ വാഹനത്തിൽ തിരികെ എത്തിക്കുന്നു. പ്രാദേശിക അടിസ്ഥാനത്തിലാണ് തൊഴിൽ പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. സോപ്പ്, സോപ്പ് പൗഡർ, ഫിനോയിൽ, മെഡിസിൻ കവർ, സാമ്പ്രാണിത്തിരി, പേപ്പർ ബാഗ്, മെഴുകുതിരി, ബ്രഡ്, കരകൗശലവസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണമാണ് ഒരിനം. പച്ചക്കറിത്തോട്ട നിർമ്മാണം തുടങ്ങിയവയാണ് മറ്റിനങ്ങൾ. സ്കൂൾ കുട്ടികളുടെ മാനസിക ആരോ ഗ്യ പരിപാലനമാണ് സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാമിലൂടെ ലക്ഷ്യമിടുന്നത്. പരിശീലനം ലഭിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സ്മാരുടെയും ജില്ലാ മാനസികാരോഗ്യ പരിപാടിയുടെയും ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

മെന്റൽഹെൽത്ത് ആക്ട് 1987, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് എന്നിവ പ്രകാരം രൂപീകൃതമായിട്ടുള്ള കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ് ഇത്തരം സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും. മാനസിക രോഗികളുടെ പരിപാലനത്തിനും ഉന്നമനത്തിനും ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രസർക്കാർപാസ്സാക്കിയതാണ് 1987-ലെ മെന്റൽ ഹെൽത്ത് ആക്ട്. 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിന്റെ വെളിച്ചത്തിൽ കേന്ദ്ര സർക്കാർ 1990-ൽ കേരള സ്റ്റേറ്റ് ഹെൽത്ത് റൂൾ പാസ്സാക്കുകയും നടപ്പാക്കുകയും ചെയ്തു. മാനസികാരോഗ്യ ചികിത്സാ രംഗത്ത് സംസ്ഥാന ത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിന്റെയും ആവശ്യകതകയുടെയും പശ്ചാത്തലത്തിൽ ഈ റൂൾ സംസ്ഥാന സർക്കാർ കാലോചിതമായി പരിഷ്ക്കരിച്ച് കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012 എന്ന പേരിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടുകൂടി രൂപീകരിച്ച് നടപ്പിലാക്കിവരികയുമാണ്. പ്രസ്തുത ആക്ടിന്റെയും റൂൾസിന്റെയും ഫലപ്രദമായ നടത്തിപ്പിലേക്കായി സംസ്ഥാനസർക്കാർ മെന്റൽ ഹെൽത്ത് ആക്ട് 1987-ലെ ചട്ടം 4 പ്രകാരം സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യകുടുംബക്ഷേമവകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഈ അതോറിറ്റിയിൽ 12 അംഗങ്ങളാണ് ഉള്ളസ്വകാര്യ മേഖലയിലുള്ള സൈക്യാട്രിക് ആശുപത്രികൾ, സൈക്യാട്രിക് നെഴ്സിംഗ് ഹോമുകൾ, 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വേണ്ടിയുള്ള മാനസികരോഗചികിത്സാ കേന്ദ്രങ്ങൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർക്ക് വേണ്ടിയുള്ള ചികിത്സാ കേന്ദ്രങ്ങൾ, കുറ്റക്കാരെന്ന് വിധിക്കപ്പെട്ട മനോരോഗികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ, മനോരോഗചികിത്സയുമായി ബന്ധപ്പെട്ടിട്ടുള്ള നിരീക്ഷണവാർഡുകൾ, ഡേ-കെയർ സെന്ററുകൾ, ജനറൽ ആശുപത്രികളോട് അനുബന്ധിച്ചുള്ള സൈക്യാട്രിക് വാർഡുകൾ, ആംബുലേറ്ററി ട്രീറ്റ്മെന്റ് ഫെസിലിറ്റീസ്, മനോരോഗികളെ പാർപ്പിക്കുകയും, ചികിത്സിക്കുകയും ചെയ്യുന്ന മറ്റു കേന്ദ്രങ്ങൾ, കൺവാലസെന്റ് ഹോംസ്, ഹാഫ്‌വേ ഹോംസ് ഇവയെല്ലാം മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ നിരീക്ഷണത്തിലും നിയന്ത്രണത്തിലും വരുന്ന സ്ഥാപനങ്ങളാണ്. ഇത്തരം സ്ഥാപനങ്ങളെല്ലാം മെന്റൽ ഹെൽത്ത് ആക്ടും, മെന്റൽ ഹെൽത്ത് റൂൾസും പ്രകാരമുള്ള ലൈസൻസോടുകൂടി മാത്രമേ പ്രവർത്തിക്കാവൂ എന്നതാണ് നിയമം. എന്നാൽ പല സ്ഥാപനങ്ങളിലും ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്നതും അവശ്യം വേണ്ട വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ആളുകൾ ചികിത്സ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രോഗശമനം വന്ന മനോരോഗികളുടെയും തെരുവിൽ അലഞ്ഞ് തിരിയുന്ന മനോരോഗികളുടെയും പുനരധിവാസത്തിനായ് "പേഴ്സൺ വിത്ത് ഡിസ്എബിലിറ്റി ആക്ട് 1995"-ന്റെ കീഴിൽ "കേരള രജിസ്ട്രേഷൻ ഓഫ് സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റേഴ്സ് ഓഫ് മെന്റലി ഇൽ പേഴ്സൺസ് റൂൾസ്, 2012" എന്ന പേരിൽ സാമൂഹ്യ നീതി വകുപ്പ് ഒരു നിയമം പാസ്സാക്കി നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ടി റൂൾ പ്രകാരമുള്ള രജിസ്ട്രേഷൻ മതിയെന്നാണ് വ്യവസ്ഥ. ഇത്തരം സ്ഥാപനങ്ങൾ എല്ലാം തന്നെ മെന്റൽ ഹെൽത്ത് ആക്ട് 1987-ലെയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ്, 2012-ന്റെ പരിധിയിൽ പെടുന്നതാണ്. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിൽ ലൈസൻസിനായി ഇത്തരം നിരവധി സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ലൈസൻസ് നൽകുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്നു കണ്ടെത്തിയ ഇത്തരം നിരവധി സ്ഥാപനങ്ങളോട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് മെന്റൽ ഹെൽത്ത് അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -3

1. അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്ക് അവയുടെ ന്യൂനതകൾ ചൂണ്ടിക്കാട്ടി അത് പരിഹരിക്കുന്നതിനായി 3 മാസം സമയം രേഖാമൂലം അനുവദിക്കുന്നു.
2. ഈ കാലാവധിക്കുള്ളിൽ ന്യൂനതകൾ പരിഹരിച്ച് അറിയിക്കുന്ന സ്ഥാപനങ്ങളെ പരിഹരിച്ചെന്ന് അവകാശപ്പെടുന്ന ന്യൂനതകളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി പുനപരിശോധനയ്ക്ക് വിധേയമാക്കുന്നു.
3. പുനപരിശോധനയിൽ ന്യൂനതകൾ പരിഹരിച്ചതായി കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി വരുന്നു.
4. അനുവദിച്ച സമയത്തിനുള്ളിൽ ന്യൂനതകൾ പരിഹരിച്ച് അറിയിക്കാത്ത സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നു
5. ഈ നോട്ടീസ് കൈപ്പറ്റുമ്പോൾ ന്യൂനതകൾ പരിഹരിക്കുന്ന സ്ഥാപനങ്ങളെയും പുനപരിശോധനയ്ക്ക് വിധേയമാക്കി ലൈസൻസ് നൽകി
വരുന്നു

6.കാരണം കാണിക്കൽ നോട്ടീസിന് തൃപ്തികരമായ മറുപടി നൽകാത്ത സ്ഥാപനങ്ങൾക്ക് അവരുടെ ലൈസൻസിനുള്ള അപേക്ഷ നിരസിക്കുന്നതാണ് അടുത്ത നടപടി. ഇതിനുമുന്നോടിയായി മെന്റൽ ഹെൽത്ത് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇത്തരം സ്ഥാപനങ്ങളുടെ അപേക്ഷകരെ ഹിയറിംഗിനു വിധേയമാക്കുന്നു.

7. ഹിയറിംഗിനുശേഷവും ന്യൂനത പരിഹരിക്കുവാൻ തയ്യാറാകാത്തവരുടെ ലൈസൻസിനുള്ള അപേക്ഷ നിരസിക്കുന്നു. നാളിതുവരെ 12 അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്. മറ്റ് 10 സ്ഥാപനങ്ങളുടെ അപേക്ഷ നിരസിക്കുവാൻ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി തീരുമാനിച്ചിട്ടുണ്ട് ഇതിലേക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
8. ചില സ്ഥാപനങ്ങളുടെ നടത്തിപ്പിനെപ്പറ്റി പൊതുജനങ്ങളിൽ നിന്നും പരാതി ലഭിക്കാറുണ്ട് ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി അനധികൃതമാണെന്ന് കണ്ടെത്തിയാല അതിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനു ള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ചു വന്നിരുന്ന 3 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്പിച്ചിട്ടുണ്ട്.ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളിയ്ക്കടുത്ത് മഹാദേവികാടിൽ പ്രവർത്തിച്ചു വരുന്ന "എലൈറ്റ്" ഹോസ്പിറ്റിൽ എന്ന അനധികൃതസ്ഥാപനത്തിന്റെ പ്രവർത്തനംനിർത്തിവയ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ